കില
വാർത്താപത്രിക

VOLUME-8
ISSUE-10
OCTOBER 2015

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org

കിലയിലെത്തിയ ബംഗ്ലാദേശ് ഉദ്യോഗസ്ഥസംഘത്തിനു സംഘടിപ്പിച്ച പരിശീലനപരിപാടി

കേരളത്തിന്റെ പ്രാദേശിക ആസൂത്രണമാതൃക ഇനി ഏഷ്യ–പസഫിക്ക് രാജ്യങ്ങളിലേക്കും

കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണമാതൃക ഇനി ഏഷ്യ, പസഫിക് രാജ്യങ്ങളിലേക്കും. സംസ്ഥാനത്ത് നടപ്പാക്കിയ പ്രാദേശിക ആസൂത്രണത്തെക്കുറിച്ച് പഠിക്കാനും തങ്ങളുടെ രാജ്യങ്ങളിൽ അതു നടപ്പിലാക്കാനും ഈ മഖലയിലെ ഇരുപതോളം രാഷ്ട്രങ്ങളാണ് താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളത്. ഈ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടു പ്രത്യേക സമ്മേളനം നടത്താനും കില ആലോചിക്കുന്നുണ്ട്.പ്രാദേശിക ആസൂത്രണത്തിലെ മികച്ച മാതൃകകൾ ഇവർക്കായി പരിചയപ്പെടുത്തും.

ഏഷ്യ,പസഫിക് രാജ്യങ്ങളിലെ പ്രാദേശികസർക്കാരുകളുമായി ബന്ധപ്പെട്ട പഠന-ഗവേഷണ സ്ഥാപനങ്ങളിൽനിന്നുള്ളവരുടെ ശിൽപ്പശാല ഈയിടെ ഫിലിപ്പൈൻസിൽ സംഘടിപ്പിച്ചിരുന്നു.ഓരോ രാജ്യത്തുനിന്നുമുള്ള പ്രതിനിധികൾ അവരുടെ രാജ്യത്തെ പ്രാദേശിക ആസൂത്രണവുമായി ബന്ധപ്പെട്ട മാതൃകകൾ അവിടെ അവതരിപ്പിച്ചു. കിലയെ പ്രതിനിധാനം ചെയ്തു പങ്കെടുത്ത കില ഡയറക്ടർ ഡോ.പി.പി.ബാലൻ വികേന്ദ്രീകൃതാസൂത്രണത്തിൽ കേരളം കൈവരിച്ച നേട്ടങ്ങൾ വിശദീകരിച്ചു. തടർന്ന് ഇഷ്ടപ്പെട്ട പ്രാദേശിക ആസൂത്രണമാതൃക തെരഞ്ഞെടുക്കാനാവശ്യപ്പെട്ടപ്പോൾ ഭൂരിഭാഗം പ്രതിനിധികളും കേരള മാതൃകയാണ് തെരഞ്ഞെടുത്തത്. പ്രാദേശിക ആസൂത്രണത്തിൽ കേരളം ഏറ്റവും മുന്നിലാണെന്നു സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾ അഭിപ്രായപ്പെട്ടതായി കില ഡയറക്ടർ പറഞ്ഞു. കമ്പോഡിയ, ഇന്തോനേഷ്യ, മംഗോളിയ, തായ്‌ലാന്റ്, തുടങ്ങിയ രാജ്യങ്ങളാണ് കൂടുതൽ താൽപര്യം പ്രകടിപ്പിച്ചത്.താഴെതട്ടിൽവരെയുള്ളവരെ പങ്കെടുപ്പിച്ച് കാമ്പയിൻ രീതിയിൽ ജനകീയാസൂത്രണത്തിൽ തുടക്കം കുറിച്ചതാണ് നമുക്കു നേട്ടമായത്. ഗ്രാമസഭകൾ പൂർണവിജയമെന്ന് പറയാനാവില്ലെങ്കിലും കുറെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.ഗ്രാമപഞ്ചായത്തുകളിൽ ഇരുന്നൂറെണ്ണത്തിന്റെ പ്രവർത്തനം മാതൃകാപരമാണ്.ഇക്കാര്യത്തിൽ പതിനഞ്ചു നഗരസഭകളും മുന്നിലാണ്.

കുടിവെള്ളം, സമ്പൂർണ ഭവനപദ്ധതി, മാലിന്യസംസ്കരണം,ജൈവകൃഷി,ശുചിത്വം,ശിശുസൗഹൃദ പഞ്ചായത്ത് തുടങ്ങിയ മേഖലകളിലെ നേട്ടങ്ങളിലാണ് വിദേശ പ്രതിനിധികൾ കൂടുതൽ താൽപര്യം പ്രകടിപ്പിച്ചത്.തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ രൂപം കൊണ്ട സ്ഥാപനമാണ് കിലയെന്ന അറിവും അവർക്കു അദ്ഭുതമായിരുന്നുവെന്ന് ഡോ.ബാലൻ പറഞ്ഞു.സ്വിസ് ഗവർമ്മേണ്ട് ഏജൻസിയായ ലോക്കൽ ഗവർമ്മെന്റ് ഇനിഷ്യേറ്റീവ് നെറ്റ് വർക്കും ബംഗ്ലാദേശിലെ സെന്റർ ഫോർ ഇന്റഗ്രേറ്റഡ് റൂറൽ ഡെവലപ്മെന്റ് ഫോർ ഏഷ്യയും ഫിലിപ്പൈൻസ് സർവകലാശാലയും ചേർന്നാണ് ശിൽപ്പശാല സംഘടിപ്പിച്ചത്.

ബംഗ്ലാദേശ് ഉദ്യോഗസ്ഥസംഘം കിലയിൽ

കേരളത്തിന്റെ വികസനമാതൃക ഇനി ബംഗ്ലാദേശിലും.ഇതുമായി ബന്ധപ്പെട്ട ചർച്ചകൾക്കും തുടർപഠനങ്ങൾക്കുമായി ബംഗ്ലാദേശിൽനിന്നുള്ള മറ്റൊരു ഉന്നതതലസംഘം കൂടി കിലയിലെത്തി.

ഏതാനും ആഴ്ചകൾക്കു മുമ്പ് ആദ്യസംഘമെത്തി പ്രാരംഭചർച്ചകളും പഠനങ്ങളും നടത്തിയിരുന്നു. ഉന്നതറാങ്കിലുള്ള ഉദ്യോഗസ്ഥരാണ് ഇത്തവണത്തെസംഘത്തിലുണ്ടായിരുന്നത്.ഖുലിന ഡിവിഷണൽ കമ്മീഷ്ണർ അബ്ദുസ് സമദിന്റെ നേതൃത്വത്തിലുള്ള മുപ്പതംഗ സംഘത്തോടൊപ്പം പതിനഞ്ചുപേരടങ്ങുന്ന ബംഗ്ലാദേശ് യൂണിസെഫ് പ്രതിനിധികളുമുണ്ടായിരുന്നു. ബംഗ്ലാദേശിലെ യൂണിസെഫിലെ ലൂയിസ് എംനോവാണ് യൂണിസെഫ് ടീമിനെ നയിച്ചത്. ദെൽഹി യൂണിററിലെ തേജീന്ദർ സന്ധു, ചെന്നൈയിലെ ജോബ് സഖറിയ, ബംഗ്ലാദേശിലെ തോമസ് ജോർജ് എന്നിവരാണ് യൂണിസെഫ് ടീമിലെ മറ്റു പ്രമുഖർ. കേരളത്തിലെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് കേന്ദ്ര പഞ്ചായത്ത്രാജ് സെക്രട്ടറി എസ്.എം.വിജയാനന്ദ് വീഡിയോ കോൺഫ്രൻസിലൂടെ സംസാരിച്ചു. പ്രതിനിധിസംഘത്തിനു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ച് ഡോ. ജെ.ബി.രാജനും ശിശുസൗഹൃദപഞ്ചായത്തുകളെപറ്റി ഡോ.പീറ്റർ എം രാജും പ്രാദേശിക വിഭവസമാഹരണത്തെ സംബന്ധിച്ച് പ്രൊഫ. ടി.രാഘവനും സംസാരിച്ചു. മാള, അന്നമനട ഗ്രാമപഞ്ചായത്തുകളും ചേർപ്പ്, പുഴയ്ക്കൽ, കൊടകര ബ്ലോക്ക് പഞ്ചായത്തുകളും എറണാകുളം ജില്ലാപഞ്ചായത്തും സംഘം സന്ദർശിച്ചു. കേരളത്തിലെ ആസൂത്രണ പ്രക്രിയയേയും കുട്ടികൾക്കു വേണ്ടിയുള്ള വികസന ഇടപെടലുകളേയും പറ്റി പഠിക്കുന്നതിനാണ് ഇത്തവണ സംഗം ഊന്നൽ നൽകിയത്.

ലോകവയോജനദിനത്തോടനുബന്ധിച്ച് കില മാതൃകാ അങ്കണവാടിയിൽ വയോധികരെ ആദരിക്കുന്നു

വയോധികരെ ആദരിച്ചു

ലോകവയോജനദിനത്തോടനുബന്ധിച്ച് കില മാതൃകാ അങ്കണവാടിയുടെ നേതൃത്വത്തിൽ വയോധികരെ ആദരിച്ചു. അങ്കണവാടിയിൽ നടന്ന ചടങ്ങിൽ കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം.രാജ് മുഖ്യപ്രഭാഷണം നടത്തി.ഹെൽത്ത് ഇൻസെപ്ക്ടർ പ്രദീഷ് ,അങ്കണവാടി ടീച്ചർ പി.ജ്യോതി എന്നിവർ സംസാരിച്ചു.എടത്തറ പരേതനായ നാണുവിന്റെ ഭാര്യ അമ്മിണി (91) യെ ചടങ്ങിൽ പൊന്നാടയണിയിച്ചു ആദരിച്ചു.

തദ്ദേശസ്ഥാപനങ്ങൾക്കുള്ള ആരോഗ്യകേരളം പുരസ്കാരങ്ങൾ സമ്മാനിച്ചു

മികച്ച ആരോഗ്യപദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ആരോഗ്യകേരളം പുരസ്കാരങ്ങൾ വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾക്കു സംസ്ഥാന ഗവർണർ പി.സദാശിവം വിതരണം ചെയ്തു. ആരോഗ്യക്ഷേമപ്രവർത്തനങ്ങൾ പുണ്യകർമ്മമായിക്കണ്ടു കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാൻ ആരോഗ്യപ്രവർത്തകർ തയ്യാറാകണമെന്ന് ഗവർണർ ആവശ്യപ്പെട്ടു. പ്രകൃതിക്കു നേരേയുള്ള അമിതചൂഷണം തടയേണ്ട സമയം അതിക്രമിച്ചതായി ഗവർണർ ചൂണ്ടിക്കാട്ടി. പകർച്ചവ്യാധികളുടേയും ജീവിതശൈലിരോഗങ്ങളുടേയും നിയന്ത്രണത്തിൽ തദ്ദേശസ്ഥാപനങ്ങൾക്കു വലിയ പങ്കുവഹിക്കാനാകുമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ആരോഗ്യവകുപ്പുമന്ത്രി വി.എസ്.ശിവകുമാർ പറഞ്ഞു. ആരോഗ്യകേരളം പുരസ്കാരം ഏർപ്പെടുത്തുകവഴി ആരോഗ്യരംഗത്തു തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്.എങ്കിലും പരിസരശുചിത്വത്തിലും ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നതിലും ഇനിയും ഏറെ മുന്നോട്ടു പോകാനുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനാടിസ്ഥാനത്തിൽ ആരോഗ്യകേരളം പുരസ്കാരങ്ങൾ നേടിയ തദ്ദേശസ്ഥാപനങ്ങൾ ഇവയാണ്.കൊല്ലം (ജില്ലാപഞ്ചായത്ത്),തൊടുപുഴ (ബ്ലോക്ക് പഞ്ചായത്ത്), നിലമ്പൂർ (നഗരസഭ), തൃശ്ശൂർ (കോർപ്പറേഷൻ),ചക്കുപള്ളം (ഗ്രാമപഞ്ചായത്ത് ഇടുക്കി ജില്ല) ജില്ലാപഞ്ചായത്തിനുള്ള രണ്ടും മൂന്നും സ്ഥാനങ്ങൾ കോട്ടയവും കോഴിക്കോടും കരസ്ഥാമാക്കി. മലപ്പുറം ജില്ലയിലെ കാളികാവിനും പെരുമ്പടപ്പിനുമാണ് ബ്ലോക്ക്പ ഞ്ചായത്തുകളിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ.നഗരസഭകളിൽ രണ്ടാംസ്ഥാനം ചാലക്കുടിക്കും മൂന്നാംസ്ഥാനം പരവൂരിനുമാണ്.കോർപ്പറേഷനുകളിൽ രണ്ടാംസ്ഥാനം കൊച്ചി കോർപ്പറേഷനു നൽകി. ഗ്രാമപഞ്ചായത്തുകളിൽ രണ്ടാം സ്ഥാനം കിളിമാനൂരിനും (തിരുവനന്തപുരം ജില്ല) മൂന്നാംസ്ഥാനം മാങ്ങട്ടിട(കണ്ണൂർജില്ല)ത്തിനും ലഭിച്ചു.

കുടുംബശ്രീ സി.ഡി.എസ് വൈസ് ചെയർപേഴ്സൺമാർക്കു കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതല ദ്വിദിന പരിശീലനപരിപാടിയിൽ കുടുംബശ്രീ ഡയറക്ടർ പി.ആർ. ശ്രീകുമാർ സംസാരിക്കുന്നു

കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ വിദേശികൾക്കു താൽപര്യം

കേരളത്തിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ വിദേശരാഷ്ട്രങ്ങൾപോലും താൽപര്യം പ്രകടിപ്പിച്ചുവരികയാണെന്നു കില ഡയറക്ടർ ഡോ.പി.പി. ബാലൻ പറഞ്ഞു. കുടുംബശ്രീ സി.ഡി.എസ് വൈസ് ചെയർപേഴ്സൺമാർക്കുള്ള സംസ്ഥാനതല ദ്വിദിന പരിശീലനപരിപാടി കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മലേഷ്യ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽനിന്ന് പഠന സന്ദർശനത്തിനായി ഈയിടെ കിലയിലെത്തിയവരെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ഏറെ ആകർഷിച്ചു. തങ്ങളുടെ രാജ്യത്തും ഇത്തരം സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചാണ് അവർ ചിന്തിക്കുന്നത്. കേരളത്തിലെ അധികാരവികേന്ദ്രീകരണം രാജ്യത്തിനുതന്നെ മാതൃകയാണ്. ഇക്കാര്യത്തിൽ നമുക്കഭിമാനിക്കാമെന്നും അദ്ദേഹം പറഞ്ഞു. കുടുംബശ്രീ സംസ്ഥാന പ്രോഗ്രാം ഓഫീസർ ടി.ഷാഹുൽ ഹമീദ് ആമുഖപ്രസംഗം നടത്തി. പി.വി.രാമകൃഷ്ണൻ, കോർഡിനേറ്റർമാരായ ലളിതാദേവി, ബിജേഷ് എന്നിവർ സംസാരിച്ചു. തൃശ്ശൂർ, ഇടുക്കി, വയനാട് ജില്ലകളിൽനിന്നുള്ളവരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. കുടുബശ്രീയുടെ സംഘടനാസംവിധാനത്തെക്കുറിച്ച് ടി.ഷാഹുൽ ഹമീദും കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തെപറ്റി പി.വി. രാമകൃഷ്ണനും നേതൃത്വപാടവത്തെക്കുറിച്ച് അബ്ദുൾ റസാഖും ബാങ്കിംഗ് സംവിധാനത്തെക്കുറിച്ച് സി.രവീന്ദ്രനാഥും കുടുംബശ്രീയുടെ മൈക്രോ ഫൈനാൻസ് പ്രവർത്തനങ്ങളെസംബന്ധിച്ച് മുഹമ്മദ് ബഷീറും ഗ്രാമസഭ-സേവാഗ്രാമിനെപറ്റി എം.രേണുകുമാറും ക്ലാസ്സെടുത്തു.

പ്രാദേശികഭരണത്തെക്കുറിച്ച് യുവതലമുറയ്ക്ക് കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി

തെരഞ്ഞെടുപ്പുകാലത്ത് കിലയിൽ യുവതലമുറയ്ക്ക് പരിശീലനം

തെരഞ്ഞെടുപ്പുകാലത്തും കിലയിൽ പരിശീലനപരിപാടികൾക്കു ഒഴിവില്ല.തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിശീലനകേന്ദ്രമായ കിലയിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമാണ് മുഖ്യപരിശീലനം. തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചതിനാൽ ഈ വിഭാഗങ്ങൾക്കു ഇനി ഫലപ്രഖ്യാപനം പൂർത്തിയാകാതെ പരിശീലനമുണ്ടാകില്ല. ഈ ഇടവേളയിൽ യുവതലമുറയ്ക്കാണ് കില പരിശീലനം നൽകുന്നത്.പ്രാദേശികസർക്കാരുകളെക്കുറിച്ചും അധികാരവികേന്ദ്രീകരണത്തെസംബന്ധിച്ചും ഗ്രാമസഭ, ഗ്രാമകേന്ദ്ര എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ചുമാണ് ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കു കില പരിശീലനം നൽകുന്നത്. രാജ്യത്തെ ജനാധിപത്യപ്രക്രിയയിൽ സജീവപങ്കാളികളാകാൻ യുവതലമുറയെ പ്രാപ്തരാക്കുകയെന്നതാണ് ഈ പരിശീലനം കൊണ്ടുലക്ഷ്യമിടുന്നതെന്ന് കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു. കണ്ണൂർ ജില്ലയിലെ പാലാ ഗവർമ്മെണ്ട് ഹയർ സെക്കണ്ടറി സ്കൂൾ, തൃശ്ശൂർ മനക്കൊടിയിലെ അൽ ഹസർ ഹയർ സെക്കണ്ടറി സ്കൂൾ (സി.ബി.എസ്.സി), മലപ്പുറം ജില്ലയിൽനിന്നുള്ള രണ്ടുസ്കൂളുകൾ എന്നിവയാണ് ഇതിനകം പരിശീലനത്തിനെത്തയത്.പരീശീലന ക്ലാസ്സിൽ വിദ്യാർത്ഥികളെല്ലാം സജീവമായി പങ്കെടുക്കുന്നുവെന്നതും പ്രത്യേകതയാണ്.

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പരിഷ്കരണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഏകദിനശിൽപ്പശാല പഞ്ചായത്ത് ഡയറക്ടർ സി.എ.ലത ഐ.എ എസ്. ഉദ്ഘാടനം ചെയ്യുന്നു

വസ്തുനികുതി പരിഷ്കരണം:ഉദ്യോഗസ്ഥർക്കു സംസ്ഥാനതല ശിൽപ്പശാല സംഘടിപ്പിച്ചു

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പരിഷ്കരണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തുവകുപ്പിലേയും ഇൻഫർമേഷൻ കേരളമിഷ(ഐ.കെ.എം.)നിലേയും വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർക്കു കിലയിൽ ഏകദിന സംസ്ഥാനതല ശിൽപ്പശാല സംഘടിപ്പിച്ചു.പഞ്ചായത്ത് ഡയറക്ടർ സി. എ.ലത ഐ.എ എസ്. ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ.പി.പി. ബാലൻ, ഐ.കെ.എം.ഡയറക്ടർ സുരേഷ്, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ കെ.പി. സാബു കുട്ടൻ നായർ, കില ഡെപ്യൂട്ടി ഡയറക്ടർ അബ്ദുൾ ജവാദ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ(തൃശ്ശൂർ) പ്രദീപ് തുടങ്ങിയവർ സംബന്ധിച്ചു.

ഐ.കെ.എമ്മിന്റെ ജില്ലാ ടെക്നിക്കൽ ഓഫിസർമാർ, ടെക്നിക്കൽ അസിസ്റ്റന്റുമാർ, സ്റ്റേറ്റ് സെൽ മെമ്പർമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. പരിശീലനം നേടുന്നവർ അതതു ജില്ലകളിൽ ജില്ലാതല പരിശീനം നൽകും.

ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ വിജയികൾക്കുള്ള പരിശീലന പരിപാടികളുടെ ഒരുക്കങ്ങൾ ചർച്ച ചെയ്യാൻ കിലയിൽ ചേർന്ന എസ്.ഐ.ആർ.ഡിയിലേയും കിലയിലേയും ഫാക്കൽററികളുടെ കൂടിയാലോചനാശിൽപ്പശാല

പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് പരിശീലനം

പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് പൗരസമൂഹത്തിനുവേണ്ടിയുള്ള പരിശീലനം കില സംഘടിപ്പിച്ചു. പൊതുസമൂഹത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട വിഭാഗങ്ങളായ ഊരുമൂപ്പന്മാർ, പട്ടികജാതി സാമൂഹ്യപ്രവർത്തകർ, വയോജനങ്ങൾ, ഭിന്നശേഷി വിഭാഗങ്ങൾ, വനിത യുവജന രാഷ്ട്രീയ പ്രവർത്തകർ എന്നിവർക്കാണ് പരിശീലനം നൽകിയത്.

ആദ്യഘട്ടമെന്ന നിലയിൽ 2015 ആഗസ്റ്റ് മാസം ഊരുമൂപ്പന്മാർക്കുള്ള പരിശീലനം വിവിധ ജില്ലകൾ കേന്ദ്രീകരിച്ച് (വയനാട്, കാസർഗോഡ്, കണ്ണൂർ, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം) സംഘടിപ്പിച്ചു. പട്ടികജാതി വിഭാഗത്തിലെ സാമൂഹ്യ പ്രവർത്തകർക്കുള്ള ആദ്യബാച്ച് പരിശീലനം 2015 ആഗസ്റ്റ് 21ന് കിലയിലാണ് സംഘടിപ്പിച്ചത്.

അധികാരവികേന്ദ്രീകരണം-പ്രസക്തി, ഗ്രാമസഭ, ഗ്രാമകേന്ദ്രം-വാർഡ്കേന്ദ്രം, തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിന്നുള്ള സേവനങ്ങൾ, പ്രാദേശിക ആസൂത്രണം, സദ്ഭരണം എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകിയത്. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി രാജനും, ട്രെയിനിംഗ് അസോസിയേറ്റ്. എ.എസ്.പ്രതാപ് സിംഗും പരിശീലനത്തിനു നേതൃത്വം നൽകി. വി.കെ മോഹൻകുമാർ, ഇ.ജി ജോസഫ്, വേണുഗോപാൽ എൻ.പി, ടി.ഷിഹാബ്, ഉഷാകുമാരി, കെ.ഗോപാലകൃഷ്ണൻ, വി.ജി. ശശിധരൻ, ഇ.എ ഇബ്രാഹിം, വർക്കി ജോസഫ്, കെ.വി അനിൽകുമാർ എന്നിവർ വിവിധ ബാച്ചുകളിൽ ക്ലാസ്സുകൾ എടുത്തു.

തെരുവുവിളക്കുകളുടെ പരിപാലനത്തിനു മാർഗ്ഗരേഖ

സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾ വാഹനം വാങ്ങി ഉപയോഗിച്ചുകൊണ്ട് തെരുവുവിളക്കുകൾ സംരക്ഷിക്കാം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകൾക്കു ഗോവണികൾ ഉപയോഗിച്ചുകൊണ്ടുള്ള രീതിയും അവലംബിക്കാം. വാഹനം വാങ്ങുന്നതിനു പഞ്ചായത്ത് ഡയറക്ടറുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങണം. വാഹനം വാങ്ങുമ്പോൾ ലാഡർ ഘടിപ്പിച്ച ആധുനികരീതിയിലുള്ളവ തന്നെ വാങ്ങണം.

ഗ്രാമപഞ്ചായത്തുകളിലെ തെരുവുവിളക്കുകൾ പരിപാലിക്കുന്നതുസംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പൊതുമാർഗ്ഗരേഖ പുറപ്പെടുവിച്ചു. അടാട്ട് മാതൃകയിൽ തെരുവുവിളക്കുകൾ പരിലാലിക്കുന്നതിനു പദ്ധതി രൂപീകരിക്കാവുന്നതാണ്. ആമുഖം, ലക്ഷ്യം, പ്രവർത്തനം, ധനകാര്യവിശകലനം, ഭൗതികനേട്ടം, മോണിറ്ററിംഗ് എന്നിവ വ്യക്തമായി പ്രതിപാദിച്ചുകൊണ്ടായിരിക്കണം ഇപ്രകാരം പദ്ധതി തയ്യാറാക്കേണ്ടത്. തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് പരാതികൾ സ്വീകരിക്കലും തുടർനടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും സ്വീകരിക്കേണ്ടതാണ്. തെരുവുവിളക്കുകൾ സംബന്ധിച്ച പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇതു മെയന്റനൻസ് ടീമിനു കൈമാറേണ്ടതും പരിഹരിച്ച വിവരം രജിസ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകൾ വാഹനം വാങ്ങി ഉപയോഗിച്ചുകൊണ്ട് തെരുവുവിളക്കുകൾ സംരംക്ഷിക്കാം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകൾക്കു ഗോവണികൾ ഉപയോഗിച്ചുകൊണ്ടുള്ള രീതിയും അവലംബിക്കാം. വാഹനം വാങ്ങുന്നതിനു പഞ്ചായത്ത് ഡയറക്ടറുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങണം. വാഹനം വാങ്ങുമ്പോൾ ലാഡർ ഘടിപ്പിച്ച ആധുനികരീതിയിലുള്ളവതന്നെ വാങ്ങണം. വാഹനം വാടകക്കെടുത്തുപയോഗിക്കേണ്ടിവരുമ്പോൾ കംപ്ലയിന്റ് രജിസ്റ്റർ പരിശോധിച്ച് മാറ്റി സ്ഥാപിക്കേണ്ട തെരുവുവിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതിനാവശ്യമായി വരുന്ന ദിവസങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കരാർ കാലാവധി ടി ദിവസങ്ങളിൽ പരിമിതപ്പെടുത്തി ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ച് വാഹനം വാടകക്കെടുക്കാവുന്നതാണ്. സ്വന്തമായി വാഹനസൗകര്യമുള്ള പഞ്ചായത്തുകൾക്കു ഈ സൗകര്യം പ്രയോജനപ്പെടുത്താം.

ഇലക്ട്രീഷ്യനെ നിയമിക്കുന്നതിനു ദിവസവേതനം 700/-രൂപയോ (പരമാവധി രണ്ടുപേർ) പോസ്റ്റ് ഒന്നിനു 75 രൂപയിലോ താഴെ പരിമിതപ്പെടുത്തി ഇലക്ട്രീഷ്യന്റെ യോഗ്യതയും ഇൻഷുറൻസ് പരിരക്ഷയും ഉറപ്പുവരുത്തിചുമതലപ്പെടുത്താം.ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 15 നും 25 നുമിടയ്ക്കു തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കേണ്ടതാണ്. പ്രവർത്തനരഹിതമായ തെരുവുവിളക്കുകൾ റിപ്പയർ ചെയ്തുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പ്രദേശം മുഴുവനുമുള്ള തെരുവുവിളക്കുകളുടെ വിവരങ്ങൾ, പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കണം. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കണം പരിപാലനം ഉറപ്പുവരുത്തേണ്ടത്.

കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട് യഥാസമയം വൈദ്യുതി ലൈൻ ഓഫ് ചെയ്ത് റിപ്പയർ ജോലി ചെയ്യാനുള്ള നടപടി പഞ്ചായത്ത് ചെയ്യണം.മോണിറ്ററിംഗ് കമ്മിറ്റി മാസത്തിലൊരിക്കൽ കെ.എസ്.ഇ.ബി. അധികൃതരെകൂടി പങ്കെടുപ്പിച്ച് ചേരേണ്ടതാണ്. വാർഡുതലത്തിൽ വാർഡ് മെമ്പർ ചെയർമാനായി മോണിറ്ററിംഗ് സമിതി വേണം. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വികസനകാര്യസ്റ്റാൻഡിംഗ് കമ്മിററി ചെയർമാൻ, സെക്രട്ടറി, അസിസ്ററൻറ് എഞ്ചിനിയർ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ യൂസർ ഗ്രൂപ്പ് പ്രതിനിധികൾ റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ്/സെക്രട്ടറി എന്നിവരടങ്ങുന്ന കമ്മിറ്റി വാർഡുതലത്തിലുള്ള മോണിറ്ററിംഗ് കമ്മിററിയുടെ റിപ്പോർട്ടുകൾ പരിശോധിച്ച് പരിശോധന നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതതു ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്ററർ ഓഫ് അൺസർവീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. തെരുവുവിളക്കുകളും ഉപകരണങ്ങളും വാങ്ങുന്നതിനു സ.ഉ.(സാധ)2134/2015 തസ്വഭവ തീയതി.15.7.2015 ലെ ഉത്തരവുപ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതുമാണ്.

മാർഗ്ഗരേഖസംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കു ഡയറക്ടറുടെ ഉത്തരവ് നമ്പർ ജി.2-44274/2015 തീയതി.17.8.2015 കാണുക

കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട് യഥാസമയം വൈദ്യുതി ലൈൻ ഓഫ് ചെയ്ത് റിപ്പയർ ജോലി ചെയ്യാനുള്ള നടപടി പഞ്ചായത്ത് ചെയ്യണം.മോണിറ്ററിംഗ് കമ്മിറ്റി മാസത്തിലൊരിക്കൽ കെ.എസ്.ഇ.ബി. അധികൃതരെകൂടി പങ്കെടുപ്പിച്ച് ചേരേണ്ടതാണ്. വാർഡുതലത്തിൽ വാർഡ് മെമ്പർ ചെയർമാനായി മോണിറ്ററിംഗ് സമിതി വേണം.

ചോദിക്കൂ പറയാം

? ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കാൻ ഗ്രാമപഞ്ചായത്തുകൾക്കു എത്ര തുകവരെ പദ്ധതി വയ്ക്കാം?

● ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കാൻ ഗ്രാമപഞ്ചായത്തുകൾക്കു1,25000/-രൂപയും നഗരസഭകൾക്കു 200,000/-രൂപയും കോർപ്പറേഷനുകൾക്കു 500,000/-രൂപയും വകയിരുത്താം.ഉത്തരവു നമ്പർ ജി.2/44274/2015 തീയതി 17.8.2015 (പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമം)

? വാർദ്ധക്യപെൻഷൻ നൽകുന്നവർക്കു കർഷകതൊഴിലാളി പെൻഷൻ അനുവദിക്കാമോ?

● കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയോ തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്നോ ക്ഷയം,കുഷ്ടം, കാൻസർ, രോഗങ്ങൾക്കു ലഭിക്കുന്ന ധനസഹായമല്ലാതെ ഏതെങ്കിലും ധനസഹായം ലഭിക്കുന്നവർക്കു കർഷകതൊഴിലാളി പെൻഷനു അർഹതയുണ്ടായിരിക്കുന്നതല്ല. (കേരള കർഷകതൊഴിലാളി പെൻഷൻ ചട്ടങ്ങൾ പാര 4 (ഡി)ജി.ഒ.(പി)18/98 തൊഴിൽ പുനരധിവാസവകുപ്പ് തീയതി.16.4.1998)

? അങ്കണവാടിക്കു സൗജന്യമായി സ്ഥലം നൽകുന്ന കുടുംബത്തിൽ പെട്ടവർക്കു ജോലി നൽകാമെന്നു പറയുന്നു. ഇതിനു ഉത്തരവുണ്ടോ?

● അങ്കണവാടിക്കു സ്ഥലം നൽകുന്നവരുടെ കുടുംബത്തിലെ ആശ്രിതർക്കു അങ്കണവാടി വർക്കറായി ജോലി നൽകാം.(സാ.മൂ.ക്ഷേ.വകുപ്പ് ഐ.സി.ഡി.എസ്-ബി4/9318/14 തീയതി.22.4.2014 ജി.ഒ.(എം.എസ്)80/2013/തീയതി. 19.10.2013 തസ്വഭവ ഉത്തരവ്)

? ത്രിതല പഞ്ചായത്തുകളിൽനിന്നു പൊതുജനങ്ങൾക്കു നൽകുന്ന സർട്ടിഫിക്കറ്റുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും വിവരങ്ങളും കാണിക്കണമെന്നു നിലവിൽ ഉത്തരവുണ്ടോ?

● പഞ്ചായത്തുകളിൽനിന്ന് പൊതുജനങ്ങൾക്കു നൽകുന്ന കെട്ടിടനിർമ്മാണാനുമതി,കെട്ടിടനമ്പർ, ഒക്യുപെൻസി സർട്ടിഫിക്കറ്റ് തുടങ്ങി മറ്റെല്ലാ സർട്ടിഫിക്കറ്റുകളിലും സർക്കാരിലേക്കയക്കുന്ന എല്ലാ കത്തിടപാടുകളിലും ബന്ധപ്പട്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക,ഓഫീസ് ലാൻഡ് ഫോൺ, മൊബൈൽ ഫോൺ എന്നിവ വ്യക്തമായി രേഖപ്പെടുത്തണം. (സർക്കുലർ നമ്പർ 75419/ആർ.എ.1/2013/തസ്വഭവ.തീയതി 30.12.2013.

? മാർഗ്ഗരേഖ (362/13 തീയതി 16.11.2013) പ്രകാരം പദ്ധതി തുക ഉപയോഗിച്ച് വികസനഫണ്ടിൽനിന്ന് ശമ്പളം നൽകാൻ പാടില്ലെന്നും ഒരു പ്രോജ്കടിന്റെ ഭാഗമായി പരമാവധി ആറുമാസത്തേക്കു ഹോണറേറിയമോ കൺസൽട്ടൻസി ചാർജോ നൽകാവുന്നതാണെന്നു പറയുന്നു. എന്നാൽ പാലിയേറ്റീവിൽ നിയമിക്കപ്പെട്ട നഴ്സുമാർക്കു ശമ്പളം നൽകുന്നതിനു ഈ ഉത്തരവു പ്രകാരം തടസ്സം വരില്ലേ?

● പാലിയേറ്റീവ് പരിചരണത്തിനു നിയോഗിക്കപ്പെടുന്ന നഴ്സുമാർക്കു വർഷം മുഴുവൻ ശമ്പളം നൽകാൻ 362/13 തീയതി 16.11.2017 മാർഗ്ഗരേഖയിൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഭേദഗതി വരുത്തിയിട്ടുണ്ട്. പാലിയേററീവ് പരിചരിണത്തിനു നിയമിക്കപ്പെട്ട നഴ്സുമാർക്കു വർഷം മുഴുവൻ വികസനഫണ്ടിൽനിന്ന് ഹോണറേറിയം നൽകാൻ അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവുണ്ട്.(സ.ഉ(സാധാ) നമ്പർ 1406/2014/തസ്വഭവ.തീയതി 05.06.2014)

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സൗരോർജപദ്ധതികൾ നടപ്പാക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി ഏതെങ്കിലും സ്ഥാപനത്തെ സർക്കാർ നിയോഗിച്ചിട്ടുണ്ടോ?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സൗരോർജപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അംഗീകൃത സ്ഥാപനമായി കെൽട്രോണിനേയും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനേയും അനർട്ടിന്റെയും എം.എൻ.ആർ.ഇ യുടെ സ്പെസിഫിക്കേഷൻ പാലിച്ചുകൊണ്ടുമാത്രം സൗരോർജപദ്ധതി തയ്യാറാക്കാൻ അനുമതി നൽകി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.(സ.ഉ.(സാധാ) നമ്പർ 1384/2014/തസ്വഭവ.തീയതി 03.06.2014)

? വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനു വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടത് പഞ്ചായത്തിലെ അസി.എഞ്ചിനിയറാണ് എന്നാൽ ജോലിതിരക്കുമൂലം കാലതാമസം വരുന്നു. പകരം സംവിധാനം ഉണ്ടാകുമോ?

● വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണവകുപ്പ്ഓവർസിയർമാർക്കു നൽകി ഉത്തരവായിട്ടുണ്ട്.(സ.ഉ.(എം.എസ്) നമ്പർ 24/2014 തസ്വഭവ.തീയതി 30.01.2014)

? മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ ഗ്രാമപഞ്ചായത്തിൽ ഒരുവർഷം മൂന്നു കോടിയോളം പദ്ധതികൾ നടപ്പിലാക്കുന്നു.അതിനു അധികം ജീവനക്കാരെ ലഭിക്കുമോ?

● മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ പ്രതിവർഷം രണ്ടുലക്ഷം രൂപയിൽ കൂടുതൽ ചെലവാക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഒരു എഞ്ചിനിയർ/ഓവർസിയർ ഒരു അക്കൗണ്ടന്റ്കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരേയും അധികമായി നിയമിക്കാം.(സ.ഉ.(സാധാ) 439/2013 തസ്വഭവ. തീയതി 03.11.2012)

? സർക്കാർ സ്കൂളുകളിലല്ലാതെ എയ്ഡഡ് സ്കൂളുകളിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി തുക ഉപയോഗിച്ച് പ്രവർത്തികൾ നടത്താൻ അനുമതിയുണ്ടോ?

● എയ്ഡഡ് സ്കൂളുകളിൽ ഉച്ചക്കഞ്ഞി, കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യം എന്നിവയ്ക്കു ധനസഹായം നൽകുന്നതിനു ഗ്രാമപഞ്ചായത്തുകൾക്കു അനുമതി നൽകി ഉത്തരവായിട്ടുണ്ട്.(സ.ഉ.(ആർ.ടി) 1765/2015 തസ്വഭവ തീയതി 12.6.2015.

? പൾസ് പോളിയോ ഇമ്യൂണൈസേഷനു ഗ്രാമപഞ്ചായത്തുകൾക്കു ഒരു വർഷത്തിൽ എത്ര രൂപ ചെലവഴിക്കാൻ അനുമതിയുണ്ട്?

● പൾസ് പോളിയോ ഇമ്യൂണൈസേഷനു ഓരോ ഘട്ടത്തിലും ഗ്രാമപഞ്ചായത്തുകൾക്കു തനതുഫണ്ടിൽനിന്ന് 5000/-രൂപയും നഗരസഭകൾക്കു 15000/-രൂപയും നൽകാൻ യഥേഷ്ടാനുമതി ഉത്തരവുണ്ട്. (സ.ഉ.(സാധാ) നമ്പർ 53/2013 തസ്വഭവ.തീയതി 07.01.2013)

? ഏതെങ്കിലും വിഭാഗത്തിൽപെട്ട എഞ്ചിനിയർമാരെ കെ.എം.ബി.ആർ പ്രകാരമുള്ള രജിസ്ട്രേഷനിൽനിന്ന് ഒഴിനക്കിക്കിയിട്ടുണ്ടോ?

● എഞ്ചിനിയേഴ്സ് ഇൻസ്റ്റിറ്റ്യൂഷനിൽ കോർപ്പറേറ്റ് മെമ്പേഴ്സ് ആയി രജിസ്ടർ ചെയ്തിട്ടുള്ള ചാർട്ടേഡ് എഞ്ചിനിയർമാരെ കെ.എം.ബി.ആർ പ്രകാരമുള്ള രജിസ്ട്രേഷനിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.(സർക്കുലർ നമ്പർ 37896/ഡി1/06 തസ്വഭവ. തീയതി 23.09.2006)

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097

തദ്ദേശതെരഞ്ഞെടുപ്പ്:കണക്കുകൾ ഹാജരാക്കാത്ത 11,160 മുൻസ്ഥാനാർത്ഥികൾ അയോഗ്യരായി

തെരഞ്ഞെടുപ്പു ചെലവുകൾ യഥാസമയം ഹാജരാക്കാതിരുന്ന11,160 പേർക്കു ഇക്കുറി തദ്ദേശതെരഞ്ഞെടുപ്പിൽ മത്സരിക്കാനായില്ല. കണക്കു കാണിക്കാത്തതിനാൽ അഞ്ചുവർഷത്തേക്കു മത്സരിക്കുന്നതിൽനിന്ന് തെരഞ്ഞെടുപ്പു കമ്മീഷൻ ഇവർക്കു വിലക്കേർപ്പെടുത്തുകയും ചെയ്തു. തെരഞ്ഞെടുപ്പുകഴിഞ്ഞാൽ നിശ്ചിത ദിവസത്തിനകം നിശ്ചിത രീതിയിൽ നിയമാനുസൃതമായി കണക്കു കാണിക്കണമെന്ന ചട്ടമാണ് ഇവർ ലംഘിച്ചത്. തെരഞ്ഞെടുപ്പുകമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ചെലവിനുള്ളിൽ തന്നെ പ്രചാരണം ഒതുക്കി എന്ന ഒഴുക്കൻ മട്ടിലുള്ള കണക്കുകൾ നൽകിയവർ ഇക്കുറിയും മത്സരിക്കാൻ ഒരുങ്ങിയതോടെയാണ് വിലക്കിന്റെ കാര്യം അറിയുന്നത്.

കഴിഞ്ഞ തദ്ദേശതെരഞ്ഞെടുപ്പിൽ മത്സരിച്ചവരിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളിലായി 9146 പേരാണ് കണക്കു സമർപ്പിക്കാതിരുന്നത്.ഇക്കാര്യത്തിൽ തിരുവനന്തപുരം ജില്ലയാണ് മുന്നിൽ-1073 പേർ.കണക്കു കൊടുക്കുന്ന കാര്യത്തിൽ കാസർകോഡ് ജില്ലയാണ് മാതൃക.ജില്ലയിൽ 210 പേരൊഴികെ ബാക്കിയെല്ലാവരും കണക്കുകൾ ഹാജരാക്കി അയോഗ്യതയിൽനിന്നൊഴിവായി. കോർപ്പറേഷൻ,മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ മത്സരിച്ചവരിൽ 1726 പേർ കണക്കുകൾ കാണിക്കാതെ അയോഗ്യരായി.തിരുവനന്തപുരം കോർപ്പറേഷനിൽ മാത്രം 248 പേർ കണക്കുകൾ നൽകിയില്ല. പിന്നീട് വിവിധ ഘട്ടങ്ങളിലായി നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ 288 സ്ഥാനാർത്ഥികളാണ് കണക്കു കാണിക്കാതിരുന്നത്.

1994 ലെ പഞ്ചായത്തിരാജ് നിയമത്തിലെ 86-ാം വകുപ്പും മുനിസിപ്പാലിറ്റി നിയമത്തിലെ 142-ാം വകുപ്പും 95 ലെ പഞ്ചായത്തിരാജ്,മുനിസിപ്പാലിററി(തെരഞ്ഞെടുപ്പു നടത്തിപ്പ്) ചട്ടങ്ങളും അനുസരിച്ച് വോട്ടെണ്ണുന്ന ദിവസം തൊട്ടു 30 ദിവസത്തിനകം തെരഞ്ഞെടുപ്പു ചെലവു ഹാജരാക്കണം.നിയമം അനുശാസിക്കുന്നവിധം കൃത്യസമയത്തു നിശ്ചിതരീതിയിൽ സ്ഥാനാർത്ഥി തെരഞ്ഞെടുപ്പു ചെലവുസംബന്ധിച്ച കണക്കു ഹാജരാക്കിയില്ലെങ്കിലോ സ്ഥാനാർത്ഥിക്കു ചെലവാക്കാവുന്ന പരിധിയിൽ കൂടുതൽ തുക ചെലവാക്കിയെന്നു കണ്ടെത്തുകയോ ചെയ്താൽ കമ്മീഷൻ നോട്ടീസയക്കും. അയോഗ്യത കൽപ്പിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ കാണിക്കണമെന്നായിരിക്കും നോട്ടീസ്. നോട്ടീസ് കൈപ്പറ്റി ഇരുപതു ദിവസത്തിനകം കാരണം ബോധിപ്പിച്ചിരിക്കണം. കാരണം ബോധിപ്പിക്കാതിരിക്കുകയോ നോട്ടീസ് കൈപ്പററാതിരിക്കുകയോ ചെയ്തവരെയാണ് കമ്മീഷൻ അയോഗ്യരാക്കിയിരിക്കുന്നത്.

കിലയിൽ സംഘടിപ്പിച്ച സേവനാവകാശപരിശീലനപരിപാടി

സേവനാവകാശപരിശീലനം പൂർത്തിയായി

സേവനാവകാശനിയമത്തെക്കുറിച്ച് ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർ,അസി.സെക്രട്ടറിമാർ, ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലാർക്ക്, അക്കൗണ്ടന്റ്, ക്ലാർക്കുമാർ എന്നിവർക്കു കില സംഘടിപ്പിച്ച പരിശീലനപരിപാടി പൂർത്തിയായി.

കിലയ്ക്കു പുറമെ പത്തനംതിട്ട(ബോധന,പഴകുളം സർവീസ് സൊസൈററി),കോഴിക്കോട് (സർഗാലയ), കണ്ണൂർ (ഇൻഡോ പാർക്ക്) എന്നിവിടങ്ങളിലായി 115 ബാച്ചുകളിലായിട്ടായിരുന്നു പരിശീലനം. 2013 നവംബർ 7 മുതൽ തുടങ്ങിയ പരിശീലനപരിപാടി 2015 ഏപ്രിൽ 4 വരെ നീണ്ടു. ജനന-മരണ രജിസ്ട്രേഷൻ, വിവിധ ലൈസൻസുകൾ, പെർമിറ്റുകൾ, പൊതുവിവാഹചട്ടങ്ങൾ, വസ്തു-സേവനനികുതി, ക്ഷേമപെൻഷനുകൾ തുടങ്ങി പഞ്ചായത്തുകളിൽനിന്നു നൽകുന്ന സേവനങ്ങളെക്കുറിച്ചായിരുന്നു പരിശീലനം. കോഴ്സ് ഡയറക്ടർ ഡോ.പീററർ എം.രാജ്, കോർഡിനേറ്റർ പി.കെ.ജയദേവൻ, കുക്കു പ്രകാശ് എന്നിവർ പരിശീനത്തുനു നേതൃത്വം നൽകി. വികസനപ്രവർത്തനങ്ങളുടെ ഫലം സാധാരണ ജനങ്ങളിലേക്കു എത്തിച്ചേരുന്നുവെന്നു ഉറപ്പുവരുത്താനും സേവനവിതരണകാര്യത്തിൽ പ്രാദേശിക സർക്കാരുകളുടെ പോരായ്മകൾ പരിഹരിക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ളതായിരുന്നു ഈ പരിശീലനം.

കിലയിലെത്തിയ ചണ്ടീഗഡിൽനിന്നുള്ള മാധ്യമസംഘത്തോട് കിലയിലെ പരിശീലനപരിപാടികളെക്കുറിച്ച് ഡയറക്ടർ ഡോ.ബാലൻ വിശദീകരിക്കുന്നു

ചണ്ടീഗഡിൽനിന്നുള്ള മാധ്യമസംഘം കിലയിൽ

ചണ്ടീഗഡിൽനിന്നുള്ള മുതിർന്ന മാധ്യമപ്രവർത്തകരുടെ സംഘം കില സന്ദർശിച്ചു. സംസ്ഥാനത്ത് പര്യടനത്തിനെത്തിയ സംഘം കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും അറിയാനും പഠിക്കാനുമാണ് കിലയിലെത്തിയത്. കിലയിലെത്തിയ സംഘത്തെ കില ഡയറക്ടർ ഡോ. പി.പി.ബാലനും പ്രൊഫ.ഡോ.സണ്ണി ജോർജും ചേർന്ന് സ്വീകരിച്ചു. ത്രിതല പഞ്ചായത്തിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും വേണ്ടി കില നടത്തുന്ന കാര്യശേഷിവികസന പരിശീലനപരിപാടിയെ പറ്റി ഡയറക്ടർ വിശദീകരിച്ചു.

ചണ്ടീഗഡ് പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഡയറക്ടർ പവിത്രസിംഗിന്റെ നേതൃത്വത്തിലുള്ള സംഘത്തിൽ രണ്ടു വനിതകളുൾപ്പെടെ പന്ത്രണ്ടുപേരുണ്ട്. പി.ഐ.ബി കൊച്ചി യൂണിറ്റിലെ പൊന്നുമോനും മീഡിയാസംഘത്തോടൊപ്പമുണ്ട്.

ആ വാർത്ത ശരിയല്ല

വ്യത്യസ്ത ജാതിയിൽപ്പെട്ടവർ വിവാഹിതരായാൽ ടി വിവാഹങ്ങൾ റജിസ്റ്റർ ചെയ്യുന്നതിന് അവരുടെ ജാതി സംഘടനകളിൽനിന്നു സാക്ഷ്യപത്രം ആവശ്യമാണന്നും അല്ലാത്ത സംഗതികളിൽ റജിസ്ട്രേഷൻ നിരസിക്കുന്നതിനാണ് കിലയിൽനിന്നു നല്കിയ പരിശീലനത്തിൽ അറിയിച്ചിട്ടുള്ളതെന്നും ഒരു വാർത്ത 2.10.2015-ലെ മാതൃഭൂമി ദിനപത്രത്തിൽ കാണുകയുണ്ടായി. തികച്ചും അടിസ്ഥാനമില്ലാത്ത ഒരു വാർത്തയാണിത്.

പഞ്ചായത്തിൽനിന്നും നഗരസഭകളിൽനിന്നും നൽകുന്ന ഓരോ സേവനങ്ങൾക്കും എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടത് എന്നുള്ളതിന് കില ഒരു ചെക്ക് ലിസ്റ്റ് പുസ്തകരൂപത്തിൽ തയ്യാറാക്കി സേവനാവകാശവുമായി ബന്ധപ്പെട്ട് പരിശീലനത്തിൽ നൽകിയിട്ടുണ്ട്. ടി പുസ്തകങ്ങൾ വിവാഹ റജിസ്ട്രേഷൻ സംബന്ധിച്ചുള്ള നിബന്ധനയിൽ (2015 ലെ പരിഷ്ക്കരിച്ച പതിപ്പ് പേജ് 53 ൽ) 7-ാമത്തെ നിബന്ധനയായി ചേർത്തിരിക്കുന്നത് ഇങ്ങിനെയാണ്. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിന്റെ സാക്ഷിപത്രമോ ഫോറം 2 ലുള്ള സാക്ഷ്യപത്രമോ ഹാജരാക്കുന്ന സംഗതികളിൽ മറ്റൊരു രേഖയും ആവശ്യപ്പെടേണ്ടതില്ലെന്നാണ്. ഇതു തന്നെയാണ് 2008 ലെ പൊതുവിവാഹ ചട്ടത്തിലെ ഖണ്ഡിക 9(3) ലും പറഞ്ഞിട്ടുള്ളത്.

മേൽ പറഞ്ഞപ്രകാരം സേവനങ്ങൾ സംബന്ധിച്ചുള്ള പരിശീലന പരിപാടിയിലെ ഫാക്കൽറ്റികൾക്ക് കൈപുസ്തകത്തിൽ ഉള്ളതിന് പുറമേ സ്വന്തമായി ഒന്നും തന്നെ കൂട്ടിച്ചേർക്കാവുന്നതല്ല. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് കൈപുസ്തകത്തിലുള്ള കാര്യങ്ങൾ വിശദീകരിച്ചു നൽകുക എന്നതു മാത്രമാണ് ഫാക്കൽറ്റികളുടെ ചുമതല. പുസ്തകം തയ്യാറാക്കി കഴിഞ്ഞതിനുശേഷം വരുന്ന സർക്കാർ നിർദ്ദേശങ്ങൾ ഓരോ പരിശീലനവും തുടങ്ങുന്നതിനു മുമ്പുതന്നെ ഭേദഗതികൾ വരുത്തിയാണ് പുസ്തകം നല്കിവരുന്നത്.

തെറ്റായ വാർത്ത പ്രചരിച്ച സാഹചര്യത്തിലാണ് ഇങ്ങനെ ഒരു തിരുത്ത് നൽകാനിടയായത്.

അഞ്ചുലക്ഷത്തിനു മുകളിലുള്ള ജോലികൾക്കു തദ്ദേശസ്ഥാപനങ്ങളിൽ ഇ-ടെൻഡർ നിർബന്ധമാക്കി

തദ്ദേശസ്ഥാപനങ്ങളുടെ കീഴിൽ അഞ്ചുലക്ഷം രൂപയിൽ കൂടുതലുള്ള വികസന മരാമത്തുപണികൾ നടത്താൻ ഇ-ടെൻഡർ നിർബന്ധമാണെന്നു ഹൈക്കോടതി വ്യക്തമാക്കി. പതിനഞ്ചുലക്ഷം വരെയുള്ള ജോലികൾക്കു ഇ-ടെൻഡർ വേണ്ടെന്നുവച്ചാൽ വൻകിട ക്രമക്കേടുകൾക്കു അവസരം നൽകുമെന്നു ജസ്ററിസ് എ.വി.രാമകൃഷ്ണപിള്ള വ്യക്തമാക്കി. അഞ്ചുലക്ഷം വരെയുള്ള ജോലികൾ ഗുണഭോക്തൃകമ്മിറ്റികൾ മുഖേനയോ ടെൻഡർ മുഖേനയോ നടത്താം. അഞ്ചുലക്ഷത്തിനുമുകളിൽ ഇ-ടെൻഡർ ഏർപ്പെടുത്തിയതു കോടതി നേരത്തെ ശരിവച്ചതാണ്. അതിൽ വെള്ളം ചേർക്കാൻ സാദ്ധ്യമല്ല. ഭൂരിഭാഗം തദ്ദേശസ്ഥാപനങ്ങളും ഇ-ടെൻഡർ മുഖേന ജോലി നടത്തുന്നുണ്ട്. അതു സൗകര്യപ്രദമാണെന്നും പ്രായോഗികമാണെന്നും കോടതി വ്യക്തമാക്കി. അഞ്ചുലക്ഷത്തിനു മുകളിലുള്ള വർക്കുകൾക്കു ഇ-ടെൻഡർ ആവശ്യമാണെന്നു 2013 സെപ്തംബർ 28 നു സർക്കാർ ഉത്തരവുണ്ടായിരുന്നു.എന്നാൽ സംസ്ഥാന വികേന്ദ്രീകരണ കോ-ഓർഡിനേഷൻ കമ്മിററി 2015 ജൂൺ 24 നു 15 ലക്ഷം രൂപ വരെയുള്ള ജോലികൾ ഇ-ടെൻഡർ മുഖേനയല്ലാതെ നൽകാൻ തീരുമാനിച്ചതാണ് ഹർജിക്ക് ആധാരം.

KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)